സൂറഃ-7

# അൽ അഅ്റാഫ്

قَالَ مُوسَىٰ لِقَوْمِهِ ٱسْتَعِينُوا۟ بِٱللَّهِ وَٱصْبِرُوٓا۟ ۖ إِنَّ ٱلْأَرْضَ لِلَّهِ يُورِثُهَا مَن
يَشَآءُ مِنْ عِبَادِهِۦ ۖ وَٱلْعَٰقِبَةُ لِلْمُتَّقِينَ ﴿١٢٨﴾
قَالُوٓا۟ أُوذِينَا مِن قَبْلِ أَن تَأْتِيَنَا وَمِنۢ بَعْدِ
مَا جِئْتَنَا ۚ قَالَ عَسَىٰ رَبُّكُمْ أَن يُهْلِكَ عَدُوَّكُمْ وَيَسْتَخْلِفَكُمْ
فِى ٱلْأَرْضِ فَيَنظُرَ كَيْفَ تَعْمَلُونَ ﴿١٢٩﴾
وَلَقَدْ أَخَذْنَآ ءَالَ فِرْعَوْنَ بِٱلسِّنِينَ وَنَقْصٍ مِّنَ ٱلثَّمَرَٰتِ لَعَلَّهُمْ يَذَّكَّرُونَ
﴿١٣٠﴾

**128.** മൂസാ സ്വജനത്തോട് പറഞ്ഞു: അല്ലാഹുവിനോട് സഹായം തേടുവിൻ. സഹനമവലംബിക്കുവിൻ. ഭൂമി അല്ലാഹുവിന്റേതാകുന്നു. അവന്റെ ദാസന്മാരിൽനിന്ന് അവനിഛിക്കുന്നവരെ അതിന്റെ അവകാശികളാക്കുന്നു. അന്തിമവിജയം ദൈവഭക്തന്മാർക്കുള്ളതത്രെ.
**129.** ജനം മൂസായോട് പറഞ്ഞു: നീ വരുന്നതിനു മുമ്പ് ഞങ്ങൾ മർദിതരായിരുന്നു. നിന്റെ വരവിനു ശേഷവും ഞങ്ങളുടെ സ്ഥിതി അതുതന്നെയാണല്ലോ. മൂസാ പ്രസ്താവിച്ചു: വിധാതാവ് നിങ്ങളുടെ ശത്രുക്കളെ നശിപ്പിക്കുകയും നിങ്ങളെ ഭൂമിയിൽ പ്രതിനിധികളാക്കുകയും എന്നിട്ട് നിങ്ങൾ എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് നിരീക്ഷിക്കുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കാം.
**130.** ഫറവോനികളെ നാം വരൾച്ചയാലും വിളനാശത്താലും പിടികൂടി; അവർ ബോധവാന്മാരാവാൻ.

قَالَ مُوسَىٰ = മൂസാ പറഞ്ഞു  لِقَوْمِهِ = സ്വജനത്തോട്  ٱسْتَعِينُوا۟ = നിങ്ങൾ സഹായം തേടുവിൻ  بِٱللَّهِ = അല്ലാഹുവിനോട്
وَٱصْبِرُوٓا۟ = നിങ്ങൾ ക്ഷമിക്കുകയും ചെയ്യുവിൻ, സഹനമവലംബിക്കുവിൻ  إِنَّ ٱلْأَرْضَ = തീർച്ചയായും ഭൂമി
لِلَّهِ = അല്ലാഹുവിന്റേതാകുന്നു  يُورِثُهَا = അവൻ അത് അവകാശപ്പെടുത്തിക്കൊടുക്കുന്നു (അതിന്റെ അവകാശികളാക്കുന്നു)
مَن يَشَآءُ = അവൻ ഉദ്ദേശിക്കുന്നവരെ  مِنْ عِبَادِهِۦ = അവന്റെ ദാസന്മാരിൽനിന്ന്
وَٱلْعَٰقِبَةُ = പര്യവസാനം, അനന്തരഫലം (അന്തിമവിജയം)  لِلْمُتَّقِينَ = (ദൈവ)ഭക്തന്മാർക്കുള്ളതത്രെ
قَالُوٓا۟ = അവർ (ജനം മൂസായോട്) പറഞ്ഞു  أُوذِينَا = നമ്മൾ ദ്രോഹിക്കപ്പെട്ടു (മർദിതരായിരുന്നു)
مِن قَبْلِ أَن تَأْتِيَنَا = നീ ഞങ്ങളിൽ വരുന്നതിനു മുമ്പ്
وَمِنۢ بَعْدِ مَا جِئْتَنَا = നീ ഞങ്ങളിൽ വന്നശേഷവും (നമ്മുടെ സ്ഥിതി അതുതന്നെയാണല്ലോ)
قَالَ = അവൻ പറഞ്ഞു (മൂസാ പ്രസ്താവിച്ചു)  عَسَىٰ = ആയേക്കാം (പ്രതീക്ഷിക്കാം)  رَبُّكُمْ = നിങ്ങളുടെ വിധാതാവ്
أَن يُهْلِكَ = നശിപ്പിക്കുമെന്ന്  عَدُوَّكُمْ = നിങ്ങളുടെ ശത്രുവിനെ  وَيَسْتَخْلِفَكُمْ = നിങ്ങളെ അവൻ പ്രതിനിധികളാക്കുമെന്നും

فِى ٱلْأَرْضِ = ഭൂമിയിൽ فَيَنظُرَ = എന്നിട്ട് അവൻ നിരീക്ഷിക്കുമെന്നും كَيْفَ = എങ്ങനെ

تَعْمَلُونَ = നിങ്ങൾ പ്രവർത്തിക്കുന്നു (എന്ന്) وَلَقَدْ أَخَذْنَآ = തീർച്ചയായും നാം പിടികൂടി

ءَالَ فِرْعَوْنَ = ഫറവോനികളെ, ഫറവോന്റെ ആളുകളെ بِٱلسِّنِينَ = വർഷങ്ങളാൽ (വരൾച്ചയാൽ)

وَنَقْصٍ مِّنَ ٱلثَّمَرَٰتِ = ഫലങ്ങളിലുള്ള കുറവിനാലും (വിളനാശത്താലും)

لَعَلَّهُمْ يَذَّكَّرُونَ = അവർ ബോധവാന്മാരാകാൻ

**128:** മുൻസൂക്തത്തിൽ ഉദ്ധരിച്ച, ഫറവോന്റെ പ്രഖ്യാപനം ഇസ്രാഈല്യരിൽ പരിഭ്രാന്തിയുളവാക്കുക സ്വാഭാവികമാണ്. ഇസ്രാഈല്യരിലെ ആൺകുട്ടികളെ കൊന്നൊടുക്കുകയും സ്ത്രീകളെ മാത്രം ജീവിക്കാനനുവദിക്കുകയും ചെയ്യുക എന്ന, ഫറവോൻ റംസിസിന്റെ കാലത്ത് നടമാടിയ അത്യാചാരം വീണ്ടും തുടങ്ങാൻ പോകുന്നുവെന്നാണല്ലോ അയാൾ പറഞ്ഞത്. അതുകേട്ട് ഭയവിഹ്വലരായ ഇസ്രാഈല്യരെ സമാധാനിപ്പിക്കുകയാണ് മൂസാ(അ). ഈ ദൈവധിക്കാരിയുടെ അക്രമത്തിനു മുമ്പിൽ നാം നിസ്സഹായരും നിരാലംബരുമാണെന്ന് കരുതി നിരാശപ്പെടരുത്. നമുക്ക് അല്ലാഹുവുണ്ട്. പ്രപഞ്ചത്തിന്റെ സ്രഷ്ടാവും നിയന്താവുമായ യജമാനൻ. നമ്മൾ അവനോട് സഹായമർഥിക്കുക. പ്രതിസന്ധികളെ സഹനത്തോടെ ഉറച്ചുനിന്ന് നേരിടുക. ധിക്കാരികൾ ക്ഷണികമായ ഈ ഭൗതിക ജീവിതത്തിൽ എത്രയൊക്കെ നിഗളിച്ചാലും അന്തിമവിജയം അല്ലാഹുവിന്റെ ഭക്തന്മാർക്ക് മാത്രമുള്ളതാണ്.

പ്രതിസന്ധികൾ തരണം ചെയ്യാൻ വിശ്വാസികളുടെ ഏറ്റവും ശക്തമായ ആയുധം സഹനവും-صبر- നമസ്കാരം-صلاة-വുമാണെന്നും പ്രതിസന്ധിഘട്ടങ്ങളിൽ വിശ്വാസികൾ ഇത് രണ്ട് ആയുധങ്ങൾ അവലംബിക്കണമെന്നും സൂറ *അൽബഖറ* 45,153 സൂക്തങ്ങളിലും കൽപിച്ചിട്ടുണ്ട്. അവിടെ 'നമസ്കാരം' എന്നു പറഞ്ഞ സ്ഥാനത്ത് ഇവിടെ بِٱللَّهِ (അല്ലാഹുവിനോട്) എന്നാണ് പറഞ്ഞിരിക്കുന്നത്. അല്ലാഹുവിനോടുള്ള സഹായാർഥന നമസ്കാരം അഥവാ പ്രാർഥനതന്നെ. ഈ രണ്ട് ഉപാധികളുടെയും പ്രാധാന്യം *ഖുർആൻ ബോധനം* പ്രസ്തുത സൂക്തങ്ങൾക്കു താഴെ വിശദീകരിച്ചിട്ടുണ്ട്.

കഠിന പീഡനങ്ങൾക്കു മുന്നിൽ ഉറച്ചുനിൽക്കുക എളുപ്പമുള്ള കാര്യമല്ല. നല്ല നിശ്ചയദാർഢ്യവും സഹനശക്തിയുമുള്ളവർക്കേ അത് കഴിയൂ. ഇത് രണ്ടുമാകട്ടെ അല്ലാഹുവിന്റെ അനുഗ്രഹവുമാണ്. وَمَا صَبْرُكَ إِلَّا بِٱللَّهِ (നിന്റെ ക്ഷമാശക്തി അല്ലാഹുവിലൂടെ മാത്രം ലഭിക്കുന്നതാകുന്നു) എന്ന് ഖുർആൻ അക്കാര്യം വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നു. ഈ അനുഗ്രഹം ലഭിക്കുന്നതിനുള്ള മാർഗമാണ് നമസ്കാരം. സാധാരണ ഫർള് നമസ്കാരങ്ങൾ മാത്രമല്ല അതുകൊണ്ടുദ്ദേശ്യം. പ്രശ്നങ്ങളും പ്രയാസങ്ങളും അഭിമുഖീകരിക്കുമ്പോൾ ഫർളിനു പുറമെയും നമസ്കാരത്തിലൂടെ അല്ലാഹുവിനോടു കൂടുതൽ അടുക്കുകയും കനിവ് തേടുകയും ചെയ്യണം. മക്കയിലെ പീഡനകാലത്ത് നിശാവേളകളിൽ നബി(സ)യും സ്വഹാബത്തും ദീർഘനേരം നമസ്കാരത്തിലേർപ്പെടാറുണ്ടായിരുന്നു.

إِنَّ ٱلْأَرْضَ لِلَّهِ يُورِثُهَا..... എന്ന വാക്യം ഫറവോന്റെ ഭീഷണിയിലെ وَإِنَّا فَوْقَهُمْ قَٰهِرُونَ (നാം അവർക്കു മീതെ സർവാധിപതികളാണല്ലോ) എന്ന ഊറ്റം കൊള്ളലിനുള്ള മറുപടിയാണ്. ഭൂമിയുടെ ഉടമസ്ഥതയും സർവാധിപത്യവും ആരൊക്കെ അവകാശപ്പെട്ടാലും ശരി, യഥാർഥ ഉടമയും അധിപതിയും അല്ലാഹുവാകുന്നു. അവന് ഇഷ്ടമുള്ളവരെ അതിന്റെ അവകാശികളാക്കുന്നു. അവൻ നൽകിയ അവകാശം ആരിൽനിന്ന് എപ്പോൾ വേണമെങ്കിലും തിരിച്ചെടുക്കുകയും മറ്റാർക്കെങ്കിലും നൽകുകയും ചെയ്യാവുന്നതാണ്. അല്ലാഹുവിൽ വിശ്വസിക്കുകയും അവന്റെ വിധിവിലക്കുകളനുസരിച്ച് ജീവിക്കുകയും ചെയ്യുന്നവരെ ഏതായാലും അവൻ കൈവെടിയുകയില്ല. ഒടുവിൽ വിജയിക്കുന്നത് അവർ തന്നെയായിരിക്കും. ആ വിജയം ഒരുപക്ഷേ ഈ ജീവിതത്തിൽതന്നെ ഉണ്ടാവാം. ഇല്ലെങ്കിൽ മരണാനന്തര ജീവിതത്തിൽ അത് ലഭിക്കുമെന്നതിൽ യാതൊരു സംശയവുമില്ല. ഈ ജീവിതത്തിൽതന്നെ വിജയമുണ്ടാകുന്നുവെങ്കിൽ അതൊരുപക്ഷേ, അവരുള്ള അതേ നാട്ടിൽതന്നെ യാഥാർഥ്യമായെന്നുവരാം. അല്ലെങ്കിൽ ഈ ദേശം ത്യജിച്ച് മറ്റൊരു ദേശത്ത് കുടിയേറിയിട്ടാവാം. എവിടെ വെച്ച് എങ്ങനെയൊക്കെ വിജയിക്കണമെന്ന് തീരുമാനിക്കുന്നത് അല്ലാഹു തന്നെയാണ്. ഫറവോനെ പരാജയപ്പെടുത്തി ഇസ്രാഈല്യരെ ഈജിപ്തിൽനിന്ന് മോചിപ്പിക്കുന്നതിൽ മൂസാ(അ) അദ്ദേഹത്തിന്റെ ജീവിതകാലത്തുതന്നെ വിജയിച്ചു. എന്നാൽ ഇസ്രാഈല്യർക്ക് ഭൂമിയിൽ അവകാശം ലഭിച്ചത് അഥവാ അവർ ഒരു പ്രദേശത്തിന്റെ ഉടമസ്ഥതയും സ്വന്തം ഭരണകൂടവുമുള്ള സമൂഹമായിത്തീർന്നത് അദ്ദേഹത്തിന്റെ കാലശേഷമാണ്. അതും ഈജിപ്തിലായിരുന്നില്ല ഈ രാജ്യാവകാശം ലഭിച്ചത്; ഫലസ്തീനിലായിരുന്നു. ഫറവോനികൾ ദൈവശിക്ഷക്കിരയായ ശേഷം ഈജിപ്ഷ്യൻ ഭരണകൂടം തകിടം മറിഞ്ഞു. പഴയ ഭരണവർഗത്തിൽനിന്ന് തികച്ചും വ്യത്യസ്തരും ഫറവോനികളോട് പകപുലർത്തുന്നവരുമായ മറ്റൊരു ഭരണകൂടം നിലവിൽവന്നു.

**129:** മൂസാ(അ)യുടെ വാക്കുകളെ വേണ്ടവണ്ണം ഉൾക്കൊള്ളാനോ, അതിൽ സംതൃപ്തരാകാനോ ഇസ്രാഈല്യർക്ക് കഴിഞ്ഞില്ല. അതുകൊണ്ട് അവർ പരിതപിക്കുകയാണ്: എത്രയോ കാലമായി ഞങ്ങൾ മർദനങ്ങളും പീഡനങ്ങളുമനുഭവിച്ച് നരകിച്ചുകഴിയുകയായിരുന്നു. അതിൽനിന്നൊക്കെ ഞങ്ങളെ രക്ഷിക്കുന്ന വിമോചകനും മാർഗദർശകനും പ്രവാചകനുമാണെന്നു പറഞ്ഞാണ് നീ വന്നത്. പക്ഷേ, നീ വന്ന ശേഷവുമിതാ പണ്ടുണ്ടായിരുന്ന മഹാദുരിതങ്ങൾ പിന്നെയും തിരിച്ചുവന്നിരിക്കുന്നു. യാഥാർഥ്യം ഈവിധം അനുഭവിച്ചുകൊണ്ടിരിക്കുമ്പോൾ നിന്റെയീ പ്രതീക്ഷകൾ കൊണ്ടും ആശ്വാസവചനങ്ങൾ കൊണ്ടും എന്തു കാര്യം? നിന്റെ വരവ് ഞങ്ങൾക്ക് അനുഗ്രഹമല്ല, ശാപമാണായിരിക്കുന്നത്. ഫറവോൻ ശിശുഹത്യ വിധിച്ചതോടൊപ്പം ഇസ്രാഈല്യരെ കൊണ്ട് കൂടുതൽ കഠിനമായി ജോലി ചെയ്യിച്ച് കഷ്ടപ്പെടുത്താനും കൽപിച്ചിരുന്നു. ഇഷ്ടികക്കരാറുകാർ ഇഷ്ടിക ചുടാനുള്ള വിറക് അവർക്ക് നൽകുന്നത് നിർത്തി. അത് അവർതന്നെ ശേഖരിക്കണമെന്നും അതോടൊപ്പം പണ്ടുണ്ടാക്കിയിരുന്ന ഇഷ്ടികയിൽ ഒട്ടും കുറവ് വരുത്താൻ പാടില്ലെന്നും കൽപിച്ചതായി ബൈബിൾ പറയുന്നുണ്ട്. വാസ്തവത്തിൽ ഇസ്രാഈല്യരുടെ ശരീരബലവും സംഖ്യാബലവും ക്ഷയിപ്പിച്ച് അടിമത്തത്തിൽ ഉറപ്പിച്ചുനിർത്തുകയായിരുന്നു ഈ നടപടികളുടെയെല്ലാം ലക്ഷ്യം. എന്നാൽ ഇസ്രാഈല്യർ തങ്ങളുടെ യാതനകളുടെ ഉത്തരവാദിത്വം മൂസാ(അ)യുടെ ചുമലിൽ കെട്ടിവെക്കാൻ ശ്രമിക്കുകയായിരുന്നു.

عَسَىٰ رَبُّكُمْ..... എന്ന വാക്യത്തിലൂടെ മൂസാ(അ) വീണ്ടും സ്വജനത്തിന്റെ നിരാശയകറ്റാനും അവരിൽ പ്രതീക്ഷ പക

രാനും ശ്രമിക്കുകയാണ്. അവിടെ നശിപ്പിക്കുമെന്ന് പറഞ്ഞ ശത്രു ഫറവോനികൾ തന്നെയാണ്. എന്നാൽ നിങ്ങളെ പ്രതിനിധികളാക്കുമെന്ന് പറഞ്ഞ ഭൂമി ഈജിപ്ത് അല്ല; 137-ാം സൂക്തത്തിൽ സൂചിപ്പിക്കുന്ന ഫലസ്ത്വീനാണ്.

فَيَنظُرَ كَيْفَ تَعْمَلُونَ (എന്നിട്ട് നിങ്ങളെങ്ങനെ പ്രവർത്തിക്കുന്നു എന്നു നോക്കാൻ) എന്ന വാക്യം ഭൂമിയിൽ പ്രാതിനിധ്യമരുളുന്നതിന്റെ ലക്ഷ്യം ഓർമിപ്പിക്കുകയാണ്. അല്ലാഹു ഒരു സമൂഹത്തെ നീക്കി മറ്റൊരു സമൂഹത്തെ ഉയിർത്തെഴുന്നേൽപിക്കുന്നതിന്റെയും അവർക്ക് വിഭവശേഷിയും സ്വാധീനശക്തിയും നൽകുന്നതിന്റെയും യഥാർഥ ലക്ഷ്യം ഇവരും പൂർവജനത്തെപ്പോലെ ബോധശൂന്യരായി നാട്ടിൽ നാശം പരത്തുമോ, അതല്ല പ്രാതിനിധ്യത്തിന്റെ യഥാർഥ ഉത്തരവാദിത്വങ്ങൾ തിരിച്ചറിഞ്ഞ് അത് യഥാവിധം നിർവഹിക്കുമോ എന്ന് പരീക്ഷിക്കുകയാണ്. പൂർവജനത്തിന്റെ പാതയിൽ തന്നെയാണ് അവരും സഞ്ചരിക്കുന്നതെങ്കിൽ അവനുദ്ദേശിക്കുന്നത്ര അവസരം നൽകിയ ശേഷം അവരെയും നശിപ്പിച്ചുകളയും. തൽസ്ഥാനത്ത് മറ്റൊരു ജനതയെ ഉയർത്തിക്കൊണ്ടുവരികയും ചെയ്യും. ഈ ലോകം നിലനിൽക്കുവോളം ഈ പരീക്ഷണം തുടർന്നുകൊണ്ടേയിരിക്കും. അതുകൊണ്ട് ദൈവികാനുഗ്രഹങ്ങൾ ലഭിക്കുന്ന ഒരു സമൂഹവും എക്കാലത്തും തങ്ങൾ അനുഗൃഹീതരും അധികാരികളും പ്രതാപികളുമായിരിക്കുമെന്ന് ധരിക്കേണ്ടതില്ല. വിശ്വാസവും കർമ സ്വഭാവവുമനുസരിച്ചാണ് അവരുടെ നിലനിൽപിന്റെ കാലാവധി നിശ്ചയിക്കപ്പെടുന്നത്.

**130:** أَخَذْنَا -യുടെ ഭാഷാർഥം നാം എടുത്തു, പിടിച്ചു എന്നാണ്. ശിക്ഷിച്ചു, പ്രയാസകരമായ പരീക്ഷണത്തിലകപ്പെടുത്തി എന്ന അർഥത്തിലും ഖുർആൻ ഈ വാക്ക് ഉപയോഗിക്കാറുണ്ട്. ഒടുവിലത്തെ അർഥമാണ് ഇവിടെ ഉദ്ദേശ്യം. ഒരാളുടെ കുടുംബക്കാർ, ചങ്ങാതിമാർ, ശിഷ്യന്മാർ, പാർട്ടിക്കാർ എന്നിവരെയെല്ലാം സൂചിപ്പിക്കുന്ന പദമാണ് آل. *ആലുഫിർഔൻ* എന്ന വാക്കിൽ ഇപ്പറഞ്ഞവരെല്ലാം ഉൾപ്പെടുന്നു. ഇതേ അർഥത്തിലാണ് നാം സ്വലാത്തുകളിൽ 'വഅലാ ആലി മുഹമ്മദിൻ' എന്നു പറയുന്നത്. മുഹമ്മദ് നബി(സ)യിൽ വിശ്വസിക്കുന്നവരെല്ലാം അതിൽ ഉൾപ്പെടുന്നു. سنة (കൊല്ലം) എന്ന പദത്തിന്റെ ബഹുവചനമാണ് سنين. കാലഗണനയെ ഉദ്ദേശിച്ചു പറയുമ്പോൾ കൊല്ലങ്ങൾ എന്നുതന്നെയാണ് سنين-ന്റെ അർഥം. عدد سنين-بضع سنين (ഏതാനും കൊല്ലങ്ങൾ - കുറേ കൊല്ലങ്ങൾ). ഇങ്ങനെ സംഖ്യാ സൂചനയില്ലാതെ سنين എന്ന് മാത്രമുപയോഗിക്കുക അധികവും വരൾച്ച, ക്ഷാമം തുടങ്ങിയവയാൽ ദുരിതമായ കാലത്തെ ഉദ്ദേശിച്ചാണ്.

പ്രവാചകന്മാർ പ്രബോധനം ചെയ്യുന്ന സമൂഹങ്ങളെ, അവരിൽ ദൈവബോധമുണർത്തുന്നതിനുവേണ്ടി അല്ലാഹു പലവിധ സുഖദുഃഖങ്ങളാൽ പരീക്ഷിക്കുമെന്ന് നേരത്തേ 94,95 സൂക്തങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. അതിന്റെ ഒരുദാഹരണവും കൂടിയാണ് ഇവിടെ ചൂണ്ടിക്കാണിക്കുന്നത്: ഒരുവശത്ത് മൂസാ(അ) വെളിപാടുകളിലൂടെ തനിക്ക് ലഭിച്ച ആദർശങ്ങൾ പ്രബോധനം ചെയ്യുകയും ദിവ്യാത്ഭുതങ്ങളിലൂടെ അതിനെ സാക്ഷ്യപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നപ്പോൾ മറുവശത്ത് വരൾച്ചയിലൂടെയും വിളനാശത്തിലൂടെയും ഫറവോനികളെ തങ്ങൾ ഊറ്റം കൊള്ളുന്ന ശക്തിയും അധികാരവും പ്രതാപവുമൊന്നും യഥാർഥത്തിൽ തങ്ങൾക്കില്ലെന്നും, അതെല്ലാം കൈയടക്കി വെച്ചിട്ടുള്ളവൻ തങ്ങൾക്കതീതനായ മറ്റൊരു ശക്തി - മൂസാ വിശ്വസിക്കാനാവശ്യപ്പെടുന്ന റബ്ബ് (പ്രപഞ്ച വിധാതാവ്)- ആണെന്നും അവനെയാണ് എല്ലാവരും ഭയപ്പെടുകയും അനുസരിക്കുകയും ചെയ്യേണ്ടതെന്നും ഉണർത്തിക്കൊണ്ടിരിക്കുകയായിരുന്നു. ■